RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST.

PRESIDENT: The House will now proceed with the discussion of the resolutions balloted for the day. The first resolution stands in the name of Mr. P. S. Mahomed.

Resolution re Mats and Matting Industry.

MR. P. S. MAHOMED (*Nominated*): Sir, I move the following resolution:

This Council recommends to the Government that a Committee, as recommended by the Development Board, be appointed by the Government immediately for investigation and enquiry into the mats and matting industry in the State.

ഈ പ്രമേയത്തെ ഈ കൌൺസിലിന്റെ അംഗീകരണത്തിന്നായി സമർപ്പിച്ചുകൊള്ളുന്നു. വ്യവസായം ഒരു രാജ്യത്തിന്ന് എത്രമാത്രം ആവശ്യമുള്ളതാണെന്നും അതു് രാജ്യത്തെ സാമ്പത്തീകമായനിലയെ എത്രമാത്രം സഹായിക്കുമെന്നും ഉള്ള സംഗതി ഞാൻ ഇവിടെ പ്രസ്താപിക്കേണ്ട ആവശ്യമില്ല. അതിനെസംബന്ധിച്ചു് എല്ലാവരും ഏകാഭിപ്രായമായിട്ടതന്നെയിരിക്കും. സാമ്പത്തീകാവസ്ഥയിൽ വല്ല രാജ്യവും ഔന്നത്യത്തെ പ്രാപിച്ചിട്ടുണ്ടെങ്കിൽ അതു് ഇങ്ങനെയുള്ള തൊഴിലിൽ ഏർപ്പെട്ടു പ്രവർത്തിക്കുന്നരാജ്യംമാത്രമാണു്. എവിടെയെല്ലാം വ്യവസായത്തിൽ അഭിവൃദ്ധിയുണ്ടോ അവിടെയെല്ലാം സാമ്പത്തീകസ്ഥിതിയിലും അഭിവൃദ്ധിയുണ്ടായിരിക്കും. നമ്മുടെരാജ്യം ഒരു കാർഷികരാജ്യമാണെന്ന വരുകിലും ഇവിടെ ഉണ്ടാകുന്ന അസംസ്കൃത സാധനങ്ങളെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തി വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുതകുന്ന എന്നുള്ള ധാരണകൊണ്ടു മാത്രമാണു് ഇവിടെ ഒരു വ്യവസായ ഡിപ്പാർട്ടുമെൻറ് ഒന്നു പ്രത്യേകമായിട്ടു തിരിച്ചതു്. വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തണമെന്നുള്ള ആഗ്രഹം തിരുവിതാംകൂർ ഗവണ്മെൻറിനും ഈ രാജ്യം ഭരിക്കുന്ന മഹാറാണി റീജൻറു തിരുമനസ്സിനും ഉണ്ടെന്നുള്ളതിന്ന ഇതിൽക്കൂടുതലായ തെളിവു വേറെ ഒന്നും തന്നെവേണ്ട.

ഇവിടെ പലതരത്തിലുള്ള കൃഷിയുണ്ടെങ്കിലും ഏറ്റവും പ്രധാനമായതു് തെങ്ങുകൃഷിതന്നെയാണു്. തെങ്ങിൽനിന്നും കിട്ടുന്ന സാധനങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു് തൊണ്ടിൽനിന്നും ഉണ്ടാക്കിവരുന്നതായ കയറു്. ഈ കയറിനെ വേണ്ടവിധത്തിൽ ശരിപ്പെടുത്തി കയറുപായായിട്ടും തടുക്കായിട്ടും വിദേശങ്ങളിലേക്കു് അയച്ചു ധാരാളമായി വിറ്റുകൊണ്ടിരിക്കുന്ന എന്നുള്ള സംഗതിയും ഇവിടെ ഞാൻ പ്രത്യേകം പ്രസ്താവിക്കേണ്ട ആവശ്യമില്ല. വിദേശമാക്കറ്റുകളിൽ ഇവി

LIBRARY ARCHIVES Kerala Legislative Assembly

ടത്തെ കയറുതട്ടക്കീന്നുള്ള സ്ഥാനം മിക്കവാറും ഇംഗ്ലണ്ടിൽനിന്നും ഇവിടെ വരുന്ന തുണികൾക്ക് ഇവിടെയുള്ള സ്ഥാനം തന്നെയാണ്. ഇങ്ങനെ അനേകം കാലമായി വിദേശമാക്കറുകളിൽ ഒരു നല്ല സ്ഥാനം സമ്പാദിച്ചുകഴിഞ്ഞിരിക്കുന്ന ഈ വ്യവസായം മിക്കവാറും നാമാവശേഷമായിപോകാൻ തുടങ്ങുന്നുഎന്നു മാത്രമല്ല വളരെ വേഗത്തിൽ ഈ നാട്ടിൽനിന്നും യാതൊരുപറഞ്ഞുപിരിഞ്ഞുപോകുന്നതിൻകുടി ഇടവന്നേയ്ക്കുമെന്നുള്ള പതനത്തിൽ എത്തിയിരിക്കുന്നു. ഇന്നു പ്രധാനമായിട്ട് ഈ വ്യവസായം നടന്നുകൊണ്ടിരിക്കുന്നതു് ആലപ്പുഴയാണ്. അവിടെയുള്ള പല വ്യവസായശാലകളുമായിട്ട് എനിക്കുള്ള ബന്ധവും പരിചയവും കൊണ്ടുനോക്കുകയാണെങ്കിൽ മിക്കവാറും അവർ നഷ്ടത്തിലാണ് ഈ വ്യവസായം നടത്തിക്കൊണ്ടിരിക്കുന്നതെന്നു ധൈര്യമായിട്ടു പറയാൻ കഴിയും. നാട്ടുകാരായ പല കച്ചവടക്കാരുടേയും Firms മിക്കവാറും നശിക്കയും ചിലർ വലിയകടത്തിൽ അകപ്പെടുകയും ചെയ്തിട്ടുണ്ട്. അതിനുള്ള ഒന്നാമത്തെക്കാരണം ഇവിടെയുള്ള യൂറോപ്യൻ കച്ചവടക്കാരുമായി മത്സരിച്ചു നില്ക്കുന്നതിനു അവക്കുള്ള അശക്തതയാണ്. നാട്ടുകാരായ കച്ചവടക്കാക്കു സൌകര്യമായി സാധനങ്ങൾ കിട്ടുകയും അതുകൊണ്ടു ലാഭത്തിൽ സാമാനങ്ങൾ ഉണ്ടാക്കാൻ സാധിക്കയും ചെയ്യുക. ഈ നിലയിൽ നാട്ടുകാർ നടത്തിയാൽ വിദേശികൾക്കു ലാഭമില്ലെന്നു കാണുകയാൽ വിദേശത്തുതന്നെ കയറു നെയ്യുന്നതിനുള്ള സൌകര്യങ്ങൾ ഉണ്ടാക്കിത്തീർത്തിട്ടുണ്ട്. അതിന്റെ ഫലമായി ഇവിടെയുള്ള യൂറോപ്യൻ കച്ചവടക്കാർ അധികംപേരും കയറു വാങ്ങി അയയ്ക്കുക എന്നുള്ള തൊഴിലിൽ വലിയ ആദായം എടുക്കുകയും നെയ്ത്തു മുതലായവ വിദേശത്തുതന്നെ നടത്തത്തക്ക നിലയിൽ ഉള്ള ഏർപ്പാടുകൾ ചെയ്കയും ചെയ്തു. എന്നാൽ അങ്ങിനെ ചെയ്യുമ്പോൾ ക്രയിയുടെ തുക നോക്കിയാൽ വിദേശങ്ങളിൽ ഇവിടത്തെക്കാൾ കൂടുതൽ ആണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. എന്നാൽ ആ ചിലവു മഴുവനും ഇവിടെനിന്നും കയറി അയക്കുന്ന ചരക്കുകളുടെ തീരുവകൊണ്ടു് അവക്കു ശരിപ്പെടുത്താൻ സാധിക്കും.

M. P. GOMATINAYAKAM PILLAI (*Excise Commissioner*): കയറുപായും തടുക്കും ഇവിടെ നിന്നും കയറുമതി ചെയ്യുന്നതു കൂടുതൽ എന്നോ കുറവെന്നോ മെമ്പരുടെ അഭിപ്രായം?

MR. P. S. MAHOMED (*Nominated*): കയറുപായും തടുക്കും ഓരോ കച്ചവടക്കാരും ഇന്നിരിക്കുന്ന രീതിയിൽ തന്നെ നെയ്തുകൊണ്ടിരുന്നാൽ അതിന്റെ സംഖ്യ അല്പം കൂടുതൽ കാണുമെന്നു വരികിലും ഈ നെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

ഈവ്യവസായികർക്ക് പ്രധാനമായി നഷ്ടമുണ്ടെന്നാണു ഞാൻ പറയുന്നത്.

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): ഇങ്ങനെ ക്രൂഡീട്ടുള്ളത് ൧൦൦മുതൽ ൧൫൦ വരെ ശതമാനം ഉണ്ടെന്നറിയാമോ?

MR. P. S. MAHOMED (*Nominated*): ക്രൂഡതലും ഉണ്ട്. എന്നാൽ അതനുസരിച്ചുതന്നെ കയറിന്റെ കയറുമതിയും വളരെ ക്രൂഡതലായിട്ടാണു കാണുന്നത്. കയറുപായിൽ നിന്നും ഒന്നരമടങ്ങു ക്രൂഡതൽ കയറുപോകുന്നുണ്ട്. ഇതിനു മുമ്പ് കയറുപാ ക്രൂഡതലും കയറു വളരെ കുറവുമായിരുന്നു.

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): റിക്കാർഡുകൊണ്ടു കാണുന്നത് അങ്ങിനെയല്ല. കയറു കുറവായിട്ടും കയറുപായും തടുക്കും ക്രൂഡതലായിട്ടും കയറുമതി ചെയ്യുന്നു എന്നാണ്.

MR. P. S. MAHOMED (*Nominated*): ഏതു കൊല്ലത്തെ കണക്കാണ്?

MR. P. GOMATINAYAKAM PILLAI (*Excise Commissioner*): ൧൮൮൪ മുതൽ നോക്കിയാൽ കാണാം.

MR. A. C. KURIAKOSE (*Minachil cum Devicolam*): അങ്ങിനെ ക്രൂഡതലായിട്ടു പോകുന്നുണ്ടെങ്കിൽ ആ വക സാധനങ്ങൾ ധാരാളം ആവശ്യമുണ്ടെന്നല്ലേ മനസ്സിലാക്കേണ്ടതു?

MR. P. S. MAHOMED (*Nominated*): ക്രൂഡതലായിട്ട് ആവശ്യമുണ്ട്. എന്നാൽ ഈ തടുക്കു ഉണ്ടാക്കുന്നവർ വളരെ നഷ്ടവും സഹിക്കേണ്ടിവരുന്നു. തടുക്കിനും പായ്ക്കും വിദേശത്തു വില കുറഞ്ഞുവരികയും കയറിനു വില ക്രൂടി വരികയും ചെയ്യുന്നുണ്ട്.

ഇങ്ങനെ വിദേശങ്ങളിൽതന്നെ ഇതിനു വന്ന പ്രചാരമുണ്ടായതോടുകൂടി ഇവിടെ ജോലി തുടങ്ങീട്ടുള്ളവരും അനേകായിരം രൂപാ മുടക്കീട്ടുള്ളവരുമായ ഇവിടത്തെ കച്ചവടക്കാർ അതു നടത്താൻ നിവൃത്തിയില്ലാതെ കഷ്ടപ്പെടുകയാണ്. ചിലർ നഷ്ടം കൂടാതെ വല്ല വിധത്തിലും കഴിച്ചുകൂട്ടിക്കൊണ്ടുപോകുന്നു.

ഇതിനു അഭിവൃദ്ധിയുണ്ടാക്കാൻ മാർഗ്ഗമുണ്ട്. അതുകൊണ്ട് എല്ലാം സുഖമായിട്ടു കഴിച്ചുകൂട്ടിക്കൊണ്ടു പോകുന്നുണ്ട് എന്നെല്ലാം ഗവർമ്മെൻറു വിചാരിക്കുന്ന പക്ഷം കുറെ ദിവസം കഴിയുമ്പോൾ ഈ വ്യവസായം

LIBRARY ARCHIVES Kerala Legislative Assembly

നാമാവശേഷമായിട്ടുതീരും. പിന്നീട് ഗവൺമെൻറ് സഹായിക്കാമെന്നു വിചാരിച്ചാൽതന്നെയും അതു പ്രയോജനപ്പെടുകയുമില്ല. വിദേശങ്ങളിൽ കയറുനെയ്ത്തു ശാലകൾ ഉള്ളതുകൊണ്ടും ഇവിടെ നിന്നും അസംസ്കൃതസാധനങ്ങൾ (Raw materials) ധാരാളം അയച്ചുകൊണ്ടിരിക്കുന്നതു കൊണ്ടും നാട്ടുകാരുടെ കച്ചവടം അഭിവൃദ്ധിപ്പെടാതിരിക്കുന്നു.

ഇവിടത്തെ കച്ചവടക്കാർക്ക് ഒന്നാമതായി വേണ്ടതു പണസഹായമാണ്. വിദേശകച്ചവടക്കാർക്കുള്ളതുപോലുള്ള ധനസഹായം നാട്ടുകാരായകച്ചവടക്കാർക്കു ലഭിക്കുന്നതിനു സൌകര്യമില്ല. ഇവിടെ ഒരു സ്റ്റേറ്റ് എയിഡഡ് ബാങ്കു ഉണ്ടെന്നു വരുകിലും അതു വളരെ ഭയന്നേ പ്രവർത്തിക്കുന്നൊള്ളൂ. അതിനു ധൈര്യമായിട്ടു പ്രവർത്തിക്കാനുള്ള സൌകര്യം തീരെയില്ല. അങ്ങിനെയുണ്ടായിരുന്നാൽ ഇന്നു പലകച്ചവടക്കാരും കീഴ്പോട്ടുപോകയില്ലായിരുന്നു. അതുകൊണ്ട് പണസംബന്ധമായ സഹായങ്ങൾ എങ്ങിനെയെല്ലാം ചെയ്യാം, ഓപ്പൺ ലോൺ ഏതെല്ലാം തരത്തിൽ കൊടുക്കാൻ സാധിക്കും എന്നുള്ളതുകളെപ്പറ്റി അന്വേഷിച്ച് സ്റ്റേറ്റ് എയിഡഡ് ബാങ്കിൽനിന്നോ അല്ലെങ്കിൽ മറെറാരു ബാങ്കു സ്ഥാപിച്ചോ വേണ്ട ധനസഹായം ചെയ്യണം.

ഈ ചരക്കുകൾ അയക്കേണ്ടതു് കപ്പലിൽ ആണ്. കപ്പലിൽമിക്കവാറും ഓരോ ഏജൻറുണ്ടായിരിക്കും. ഈ ഏജൻറന്മാർക്കുതന്നെ കച്ചവടവും ഉണ്ടായിരിക്കും. എന്നാൽ നാട്ടുകാരായ കച്ചവടക്കാർക്ക് ഇതു ചരക്കു കപ്പലിൽ കയറാമെന്നുള്ള സംഗതി ഈ ഏജൻറന്മാരായ കച്ചവടക്കാരെപ്പോലെ അത്ര നിശ്ചയമില്ല. എന്നാൽ ഈ ഏജൻറന്മാർക്ക് നല്ലനിശ്ചയമുള്ളതുകൊണ്ട് അവർ ആദായകരമായ വിധത്തിൽ ചരക്കുകൾ വാങ്ങി കപ്പലിൽ കയറുന്നു. അതു പോലെ നാട്ടുകാരനായ കച്ചവടക്കാരനു സാധിക്കുന്നില്ല. അതുകൊണ്ട് ഇതിനെപ്പറ്റി അന്വേഷിക്കുന്നതിന് ഒരു കമ്മിറ്റി ഏർപ്പെടുത്തി വേണ്ട പരിഹാരങ്ങൾ നിർദ്ദേശിക്കണം.

ഒരു ടണ്ണേജിനുള്ള ആദായം എട്ടണയാണ്, ഈ എട്ടണാ ആദായം നാട്ടുകാരായ കച്ചവടക്കാർക്കു കിട്ടാൻ നിവൃത്തിയില്ല. കാരണം മെഷർമെൻറിൽതന്നെ ഇവർക്ക് ഒന്നരരൂപായോളം നഷ്ടം സംഭവിക്കുന്നതാണ്. യൂറോപ്യൻ കമ്പനിക്കാർ റോൾവച്ചു ചുറ്റികെട്ടിപ്രസ് ചെയ്താണ് അളക്കുന്നതു്. പ്രസ് ചെയ്യുന്നസ്ഥലത്തുവച്ചുതന്നെ അളന്നാൽ ടണ്ണേജ് കുറവായിരിക്കും. എന്നാൽ നാട്ടുകാർ ചെയ്യുന്നതു് ആഫീസിൽവച്ചു കെട്ടിമുറുക്കി വണ്ടിയിലും വള്ളത്തിലും കയറ്റി കടപ്പുറത്തു കൊണ്ടുപോയി അ-

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mahomed.]

വിടെ വച്ചാണ് അളക്കുന്നത്. ഇതുനിമിത്തം ഒന്നരരൂപാ ടണ്ണേജ് ക്രൂ ന്നതു കൊണ്ടു കച്ചവടക്കാരനു നഷ്ടമുണ്ടു്.

ഇനിയും പലസംഗതികളുമുണ്ടു്. ഇതിനെപ്പറ്റി ഡവലപ്പുമെൻറു ബോർഡു് ആലോചിക്കയും ഒരു കമ്മിറ്റി വേണമെന്നു് ഒരു ഏകാഭിപ്രായം പുറപ്പെടുവിക്കയും അതിന്മേൽ ഗവണ്മെൻറിനോടു ശുപാശ ചെയ്യുകയും ചെയ്തിട്ടുണ്ടു്. അതനുസരിച്ചു് ഗവർമെൻറു് ഉടനടി ഒരു കമ്മിറ്റി ഏർപ്പെടുത്തണമെന്നുള്ള എന്റെ പ്രമേയത്തെ ഇവിടെ അവതരിപ്പിച്ചു കൊള്ളുന്നു.

MR. A. THANU PILLAI (*Trivandrum*): എന്തുമാതിരി കമ്മിറ്റിയാണു് വേണ്ടതു്?

MR. P. S. MAHOMED (*Nominated*): ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരുമടങ്ങിയ ഒരു കമ്മിറ്റിയാണു് ഏർപ്പെടുത്തേണ്ടതു്.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): സർ, മിസ്റ്റർ പി. എസ്. മഹമ്മദ് ഇവിടെ അവതരിപ്പിച്ച പ്രമേയം ഡവലപ്പുമെൻറു ബോർഡു ശുപാശ ചെയ്തിട്ടുള്ളതനുസരിച്ചു ഒരു കമ്മിറ്റി ഏർപ്പെടുത്തണമെന്നാണു്. എന്നാൽ ഡവലപ്പ്മെൻറു ബോർഡു് ഏപ്പോഴാണു് ശുപാർശ ചെയ്തതെന്നോ എന്നാണു് ശുപാർശ ചെയ്തതെന്നോ അദ്ദേഹം ഇവിടെ വിവരിച്ചിട്ടില്ല.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): The resolution is not yet seconded.

PRESIDENT: Are you seconding the resolution, Mr. Kesava Pillai?

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): I am just coming to that.

PRESIDENT: You must first second it and then speak.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): I second the resolution before the House.

എന്നാൽ ഇതുമാതിരിയുള്ള വ്യവസായങ്ങളിൽ അതായതു് പാനെയ്ത്തു്, കയറുപാനെയ്ത്തു് തുടങ്ങിയുള്ളവയിൽ വേണ്ട അഭിവൃദ്ധിയുണ്ടാക്കേണ്ടതത്യാവശ്യമാണു്. തിരുവിതാംകൂറിൽ കപ്പൽ വച്ചിട്ടു് ഇവിടത്തെ വ്യവസായികളെ പ്രോത്സാഹിപ്പിക്കണമെന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല.

MR. P. S. MAHOMED (*Nominated*): കപ്പൽ വയ്ക്കണമെന്നൊന്നുഞാൻ പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): കച്ചവടക്കാർക്കു വലിയ നഷ്ടം വരുന്നതു് അന്യരാജ്യക്കാരുമായിട്ടുള്ള മത്സരം കൊണ്ടാണെന്നും, ഇവിടെ പണത്തിന്റെ കുറവുണ്ടെന്നും പറഞ്ഞു. ഇങ്ങനെയുള്ള ഒരു സംഗതിയിലാണു് ഡവലപ്പുമെന്റു ബോർഡ്ഡു് ഒരു ശുപാർശ ചെയ്തതു് എന്നു വരുകിൽ വാസ്തവത്തിൽ ഇതു കൊണ്ടു് പൊതുജനങ്ങൾക്കു വലിയ ഗുണം സിദ്ധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

തെക്കൻതിരുവിതാംകൂറിൽ പനഓലപ്പായ്, നെയ്ത്തു് പുൽപ്പായ് നെയ്ത്തു മുതലായ പല കുടിൽ വ്യവസായങ്ങളും ഉണ്ടു്. ഗവണ്മെന്റു സഹായം ലഭിക്കാതെ അവർ വളരെ സങ്കടപ്പെടുന്നു. അങ്ങിനെയുള്ള സാധുക്കളുടെ കാര്യത്തിലാണു് ഗവണ്മെൻറിന്റെ ദൃഷ്ടി പതിയേണ്ടതെന്നു ഞാൻ ബലമായി പറഞ്ഞു കൊള്ളട്ടെ. അല്ലാതെ വലിയ ധനികന്മാരെ സഹായിക്കുന്നതിനു ഗവണ്മെൻറു പുറപ്പെടുന്നതു് അത്ര ശരിയാണെന്നു തോന്നുന്നില്ല. തിരുവിതാംകൂറിൽ പലസ്ഥലങ്ങളിലുമുള്ള പല വിധത്തിലെ സംഗതികളെപ്പറ്റി നല്ല പരിചയമുള്ള വിദ്വാന്മാരടങ്ങിയ ഒരു കമ്മിറ്റി ഏർപ്പെടുത്തി അവരുടെ എകോപിച്ചുള്ള ശുപാർശ വരുത്തി അതനുസരിച്ചു പ്രവർത്തിക്കണമെന്നാണു് എന്റെ അഭിപ്രായം. തക്കല മുതലായ സ്ഥലങ്ങളിൽ പനയോലപ്പാ നെയ്ത്തും തേങ്ങാപ്പട്ടണം മുതലായ സ്ഥലങ്ങളിൽ കയറു വ്യവസായവും നടക്കുന്നുണ്ടു്. അവിടെ ഈ വ്യവസായം നടത്തുന്നവരുടെ സ്ഥിതിഗതികളെ അന്വേഷിച്ചു് വേണ്ട സഹായം ചെയ്യുന്നതിൻ കൂടി സാധിക്കത്തക്ക ശുപാർശ ചെയ്യുന്നതിനു ഒരു കമ്മിറ്റി രൂപീകരിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങികൊള്ളുന്നു.

MR. V. J. OOMMEN (*Commerce and Industry, North*): സർ, എന്റെ സ്നേഹിതർ മി. മഹമ്മദ് അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻഹാർദ്ദമായി പിൻതാങ്ങുന്നു.

മാറ്റ്സ് ആൻറ് മാറ്റിങ്ങ് ഇൻഡസ്ട്രി തിരുവിതാംകൂറിലുള്ള മറേതു വ്യവസായത്തെക്കാളും അതിപ്രാധാന്യത്തെ അർഹിക്കുന്ന ഒന്നാണു്. വടക്കൻ തിരുവിതാംകൂറിൽ പറവൂരിലും മദ്ധ്യതിരുവിതാംകൂറിൽ ചേർത്തല വൈയ്ക്കം എന്നീ സ്ഥലങ്ങളിലും, പിന്നീടതെക്കൻ തിരുവിതാംകൂറിൽ കാർത്തികപ്പള്ളി മുതൽ തിരുവനന്തപുരം വരേയുള്ള കടലോരങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നതായ ചകിരി, കയറു ഇതുകളിൽ നിന്നുമാണു് mats and matting എന്നിവ ഉണ്ടാക്കുന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): മെത്തപ്പായും മാറ്റിങ്ങ്സിൽ ഉൾപ്പെടുകയില്ലയോ?

LIBRARY ARCHIVES Kerala Legislative Assembly

MR. V. J. OOMMEN (*Commerce and Industry, North*): ഉൾപ്പെടുകയില്ല. മാറ്റ്സ് എന്നു പറഞ്ഞാൽ കയറുകൊണ്ടും ചകിരികൊണ്ടും ഉണ്ടാക്കപ്പെടുന്ന തടുക്കും, മാറിങ്ങ് എന്നു പറഞ്ഞാൽ കയറുപായുമാണ്.

MR. MURUVELIL PACHU PILLAI (*Shertallai*): കയറു പിരിക്കുന്നതു കൂടി ഉൾപ്പെടുമോ?

MR. V. J. OOMMEN (*Commerce and Industry, North*): മാറിങ്ങ് എന്നു പറയുന്നതിൽ അതും ഉൾപ്പെടുകയില്ല. മാറ്റ്സ് എന്നു പറയുന്നതിൽ ചകിരിത്തടുക്കും, കയറുകൊണ്ടുള്ള തടുക്കും ഉൾപ്പെടും.

ഈ വ്യവസായം കൊണ്ടു തിരുവിതാംകൂറിൽ അനേകായിരം ജനങ്ങൾ ഉപജീവനം കഴിച്ചു പോരുന്നുണ്ട്. അങ്ങിനെയുള്ള ഒരു വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തേണ്ടതു ഗവണ്മെൻറിന്റെ ഒരു വലിയചുമതലയാണ്. ഈ വന്നിച്ച വ്യവസായത്തിനുള്ള മാർക്കറ്റ് ഇന്നു യൂറോപ്യന്മാരാണ് കൈവശപ്പെടുത്തിവച്ചിരിക്കുന്നതു്. ഈ വ്യവസായം പ്രധാനമായി നടന്നു കൊണ്ടിരിക്കുന്നതു് വ്യാപാരകേന്ദ്രമായ ആലപ്പുഴ പട്ടണത്തിലാണെന്നു ഞാൻ പറയാതെ തന്നെ എല്ലാവർക്കും അറിയാവുന്നതാണെല്ലൊ. തിരുവിതാംകൂറിൽ യൂറോപ്യൻ കമ്പനിയുടമാരായ അസ്പിൻവാൽ, പീയേർസ്ലെസ്ലി, മാഡ്ഡുറാ കമ്പനി, ഡാറാസ്മെയിൽ, ബോംബേകമ്പനി തുടങ്ങിയുള്ള വിദേശകച്ചവടക്കാരാണ് ഈ വ്യവസായം വന്നിച്ച നിലയിൽ ഇന്നു നടത്തിക്കൊണ്ടിരിക്കുന്നതു്. ഇങ്ങിനെയുള്ള വന്നിച്ച കച്ചവടക്കാരുമായിട്ടു കിടപിടിച്ചു നില്ക്കുന്നതിനു നാട്ടുകാരായ കച്ചവടക്കാരുടെ ധനസ്ഥിതി അനുവദിക്കുന്നില്ല. ഈ നാട്ടുകാരായ കച്ചവടക്കാർക്ക് ഗവണ്മെൻറിൽനിന്ന് എന്തെങ്കിലും ധനസഹായം ചെയ്ത് അനേകായിരം ജനങ്ങളുടെ ഉപജീവനമാർഗ്ഗമായിരിക്കുന്ന ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തി കൊണ്ടുപോകേണ്ടതാണ്.

ഈ വ്യവസായസാധനങ്ങളെ വിദേശങ്ങളിലേക്കയച്ച് അവിടെമാർക്കറ്റു കണ്ടുപിടിച്ചു വില്പനനടത്തുന്ന വിഷയത്തിലുംമറും നാട്ടുകാരായ കച്ചവടക്കാർപലഅസൌകര്യങ്ങളും ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കയാണ്. ആലപ്പുഴയിൽ കഴിഞ്ഞ കുറെ സംവത്സരങ്ങളായി നാട്ടുകാരായ കച്ചവടക്കാർഅനുഭവിച്ചുവരുന്ന സങ്കടം ഒട്ടും ചില്ലറയല്ല. ഈ സങ്കടങ്ങളെ നേരിട്ടുകണ്ടും അനുഭവിച്ചും അറിഞ്ഞിട്ടുള്ള ഒരുവനാണു ഞാൻ.

എന്റെ സ്നേഹിതൻ മി: മഹമ്മതു പറഞ്ഞതുപോലെ കപ്പലിൽ കയറിഅയക്കുവാനുള്ള മാറ്റ്സ്, മാറിങ്ങ് ഇതുകൾഅളന്ന് സ

LIBRARY ARCHIVES Kerala Legislative Assembly

ർട്ടിഫിക്കെറ്റ് ലഭിക്കാതെ വിദേശരാജ്യങ്ങളിലേക്കു കൂപ്പൽകയറ്റി അയക്കാൻ നിവൃത്തിയില്ല. യുറോപ്യൻകച്ചവടക്കാരുടെ സ്ഥലങ്ങളിൽ പോർട്ടാഫീസർ പോയി അത്താത്സമയം ഇതുകാര്യം അളന്ന് അവക്കു വേണ്ടതൊത്താശകാര്യം ചെയ്തുകൊടുക്കുന്നുണ്ട്. ചരക്കു കെട്ടി പ്രസ്ചെയ്ത ഉടനെ അളന്നാൽ അളവിൽ വളരെ ലാഭമുണ്ട്. നേരെമറിച്ച് നാട്ടുകാരായ കച്ചവടക്കാരുടെ കച്ചവടസ്ഥലങ്ങളിൽ പോർട്ടാഫീസർ പോയി അളന്നുകൊടുക്കുന്നില്ല. മാറിങ്ങിനെ റോഡ് ആയിട്ടു ചുറ്റിയും മാറ്റ്സിനെ കെട്ടായിട്ടു കെട്ടി പ്രസ്ചെയ്തുമാണ് അയക്കുന്നത്. പ്രസ്ചെയ്തു കുറെദിവസം കഴിയുമ്പോൾ അതിന്റെ (expansion) വികാസം കൊണ്ട് അളവുകൂടുകയും തൻമൂലം കൂപ്പൽകൂലി കൂടുതലായി നാട്ടുകാരായ കച്ചവടക്കാർ കൊടുക്കേണ്ടിവരികയും ചെയ്യുന്നു. നാട്ടുകാരായ കച്ചവടക്കാരുടെ ചരക്കുകാര്യം മിക്കവാറും കെട്ടികഴിഞ്ഞു ഒന്നരണ്ടു ആഴ്ചകാര്യം കഴിഞ്ഞാണ് അത് അളന്നുകെട്ടുന്നതു.

MR. P. S. MAHOMED (*Nominated*): നാട്ടുകാരായ കച്ചവടക്കാരുടെ സ്ഥലങ്ങളിൽ പോർട്ടാഫീസർ വന്നാണൊ അളന്നുകൊടുക്കുന്നതു?

MR. V. J. OOMMEN (*Commerce and Industry, North*): അല്ല. നാട്ടുകാരായ കച്ചവടക്കാരെല്ലാം അവരുടെ ചരക്കുകാര്യം വള്ളത്തിൽ കയറ്റി കടപ്പുറത്തു കൊണ്ടുചെന്നെങ്കിൽമാത്രമെ പോർട്ടാഫീസർ അളന്നു സർട്ടിഫിക്കെറ്റു കൊടുക്കയുള്ളു. കെട്ടി ഒന്നരണ്ടു ആഴ്ച കഴിഞ്ഞാണ് അളന്നുകൊടുക്കുന്നതു.

MR. H. B. MAHOMED ROWTHER (*Pattanapuram cum Shencotta*): അങ്ങനെ സംഭവിക്കുന്നതെന്തുകൊണ്ടാണു?

MR. V. J. OOMMEN (*Commerce and Industry, North*): പോർട്ടാഫീസർ നാട്ടുകാരൻ അല്ലാത്തതുകൊണ്ടും ഗവണ്മെൻറ് ഈ കാര്യത്തിൽ ദൃഷ്ടിവെയ്ക്കാത്തതുകൊണ്ടുമാണു.

MR. H. B. MAHOMED ROWTHER (*Pattanapuram cum Shencotta*): പോർട്ടാഫീസർ നാട്ടുകാരനായിരുന്നാലോ?

MR. V. J. OOMMEN (*Commerce and Industry, North*): ഗവണ്മെൻറ് ആജ്ഞാപിക്കുന്നതുപോലെതന്നെ പ്രവർത്തിക്കും.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): May I know from the member whether he brought any interpellation to this effect?

MR. V. J. OOMMEN (*Commerce and Industry, North*): I brought an interpellation, but I did not get any reply.

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. J. Oommen.]

നാട്ടുകാരായ കച്ചവടക്കാർക്കു വേണ്ട ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നതിൽ ഗവണ്മെൻറു പ്രത്യേകം ദൃഷ്ടിവയ്ക്കണം. ക്രടാതെ യൂറോപ്യൻ കച്ചവടക്കാർ അയക്കുന്ന സാമാനങ്ങളുടെ ഫ്രെറയിറ്റ് അവർ എവിടേക്കു അയക്കുന്നുവൊ അവിടെ കൊടുത്താൽമതി. നാട്ടുകാരായ കച്ചവടക്കാരാകട്ടെ അതു് ആലപ്പുഴ തുറമുഖത്തുതന്നെ കൊടുക്കേണ്ടിയിരിക്കുന്നു. ഇതും നാട്ടുകാരായ കച്ചവടക്കാർക്കു ഗവണ്മെൻറു് ആനുകൂല്യംഇല്ലാത്തതുമൂലമുള്ള ഒരു നഷ്ടമാണു്. വെള്ളക്കാരായ കച്ചവടക്കാരെല്ലാം ഒരോ കപ്പൽ കമ്പനിക്കാരുടേയും ഏജൻറന്മാരാണു്. അതുകൊണ്ടു് ചരക്കു കയറുന്നതിലുള്ള ഒരു കമ്മീഷനും അവർക്കു കിട്ടും. ക്രടാതെ ഇൻഷുറൻസ് കമ്പനിയുടെ ഏജൻസിയും അവർക്കു് ഓരോരുത്തർക്കും ഉള്ളതുകൊണ്ടു് അതിലും നല്ല ആദായം അവർക്കു കിട്ടുന്നുണ്ടു്. ഇങ്ങനെ ചരക്കുകഠം കയറുമതിചെയ്യുന്ന വിഷയത്തിൽ വിദേശിയർക്കു പല ആനുകൂല്യങ്ങളും ഉള്ളതുകൊണ്ടു് നാട്ടുകാരെ ഗവണ്മെൻറു സഹായിക്കാത്തപക്ഷം ഈ വ്യവസായം ക്രമേണ അധഃപതിച്ചുപോകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

MR. P. S. MAHOMED (*Nominated*): ഇപ്പോഠം ഈ വ്യവസായം അഭിവൃദ്ധിപ്പെട്ടുവരുന്നോ, അധോഗതിയെ പ്രാപിച്ചുവരുന്നോ?

MR. V. J. OOMMEN (*Commerce and Industry, North*): നാട്ടുകാരായ കച്ചവടക്കാരുടെ ഇടയിൽ അധോഗതിയാണു ഫലം.

MR. T. C. KESAVA PILLAI (*Kulkulam* cum *Vilavankod*): നാട്ടുകാരായ കച്ചവടക്കാർ എത്രയുണ്ടു്?

MR. V. J. OOMMEN (*Commerce and Industry, North*): ഉദ്ദേശം ൨൫ പേരുണ്ടു്. കയറുമതിചെയ്യുന്നവരെ സംബന്ധിച്ചാണു ഞാൻ പറഞ്ഞതു്.

MR. T. C. KESAVA PILLAI (*Kulkulam* cum *Vilavankod*): ഈ ൨൫ പേർക്കുവേണ്ടിയാണൊ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചതു്.

MR. V. J. OOMMEN (*Commerce and Industry, North*): ൨൫ പേർ കയറുമതിനടത്തുന്ന വലിയകച്ചവടക്കാരാണു്. ചില്ലറക്കച്ചവടക്കാരുടെ സംഖ്യനോക്കുകയാണെങ്കിൽ അനേകായിരം എണ്ണമുണ്ടു്. ഈ അനേകായിരംപേരുടെ ഗുണത്തെഉദ്ദേശിച്ചാണു് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നു് നല്ലതുപോലെ മനസ്സിലാക്കണം.

MR. P. S. MAHOMED (*Nominated*): ഈ ൨൫ കച്ചവടക്കാരുടെതാഴെ എത്ര കൂലിക്കാരുണ്ടെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. V. J. OOMMEN (*Commerce and Industry, North*): ആലപ്പുഴപട്ടണത്തിലുംചുറ്റുപാടുമായി ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന നാട്ടുകാരുടെ ആഫീസുകളിൽ പതിനായിരം ക്ലർക്കാരിൽ കുറയാതെ ദിവസം തോറും വേലചെയ്യുന്നുണ്ട്.

MR. S. PIRAVIPERUMAL PILLAI (*Commeree and Industry, South*): ഈ ഉദ്ദ്യോഗസ്ഥർക്കുവേണ്ടി ചെയ്യുന്നതുകൊണ്ടാണ് കിട്ടുന്നത് ൪൦ ലക്ഷം ജനങ്ങൾക്കാണൊ?

MR. V. J. OOMMEN (*Commerce and Industry, North*) : ൪൦ ലക്ഷം ആളുകളെന്നു ഞാൻ പറഞ്ഞില്ല.

ഇപ്പോൾ രണ്ടുവിധത്തിലാണ് വിദേശങ്ങളിലേക്കു ചരക്കുപോയിക്കൊണ്ടിരിക്കുന്നത്. ഒന്ന് ഈവകസാധനങ്ങൾ സംസ്കരിച്ച് ഉണ്ടാക്കിഅയക്കുന്നു. മറ്റത് കയറുതന്നെ ഇവിടെനിന്നും അയക്കുന്നു. എന്നാൽ വിദേശിയരായ കച്ചവടക്കാർ അസംസ്കൃതമായ കയറ് മുൻകാലങ്ങളിലെക്കാൾ കൂട്ടുവായിവാങ്ങി ചായംമുക്കിയും മുക്കാതെയും ഇവിടെനിന്നും കയറിഅയക്കുന്നു. അവിടെ അവർ പവ്വർലൂം വച്ച് ഇവിടത്തെക്കാൾ ലാഭമായവിധത്തിൽ കയറുപായും തട്ടുകളും ഉണ്ടാക്കിവരുന്നു. സംസ്കരിച്ചതും സംസ്കരിക്കാത്തതുമായ കയറിനു കണക്കുനോക്കിയതിൽ കണ്ടിരുന്നിന് ൨൦ ശതമാനത്തോളം സംസ്കരിയ്ക്കാത്തകയർ വിദേശരാജ്യങ്ങളിൽ കിട്ടുന്നു. അതിനുള്ളകാരണം സംസ്കരിക്കാത്തകയറു പ്രസ്ചെയ്യുമ്പോൾ അതുകാരണംടണ്ണേജ് കുറയും. അതുകൊണ്ട് കപ്പൽചാർജ്ജിൽ ലാഭമുണ്ട്. എന്നാൽ തുടക്ക് അതുതന്നെ പ്രസ്ചെയ്യാൻപാടില്ല. വിദേശത്തെ മാർക്കറ്റിന്റെ സ്ഥിതിഗതികാം അപ്പഴപ്പോൾ നമ്മുടെനാട്ടിലെ കച്ചവടക്കാരെ അറിയിച്ചുകൊണ്ടിരിയ്ക്കുന്നതിനും ചരക്കുകൾക്ക് ശരിയായമാർക്കറ്റ് കണ്ടുപിടിയ്ക്കുന്നതിനും ലെറ്റർ ഓഫ് ക്രെഡിറ്റ്മുതലായ സംഗതികാംക്കുവേണ്ട റഫറൻസുകൊടുക്കുന്നതിനും നാട്ടുകാരായ കച്ചവടക്കാരെ സഹായിക്കുന്നതിനു വിദേശങ്ങളിൽ ഒരു Trade Agent ഉണ്ടായിരിക്കണം. ഇതിനെസംബന്ധിച്ച് ഒരുപ്രമേയം ഞാൻ കഴിഞ്ഞബഡ്ജറ്റ് സമ്മേളനാവസരത്തിൽ അവതരിപ്പിച്ചിട്ടുണ്ടായിരുന്നു. അതു ബാലട്ടിൽവരികയും നിർഭാഗ്യവശാൽ വാദപ്രതിവാദത്തിനു എടുക്കുവാൻ നിവൃത്തിയില്ലാതെ പോകയും ചെയ്തു. അതുപോലെതന്നെ ഡവലപ്പ്മെൻറുബോർഡ് ഒരു ടെയിഡ് ഏജൻറുവേണമെന്നു ശുപാർശചെയ്തു. ഇതിന്റെ ആവശ്യമെന്താണ്എന്നു ചോദിക്കുന്നപക്ഷം പലതുമുണ്ട്. ഈരാജ്യത്തു് ഏതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. J. Oommen.]

വിധത്തിലുള്ള സാധനങ്ങളാണ് ഉള്ളതെന്നു വിദേശരാജ്യക്കാരിൽ പല ർക്കും നിശ്ചയമില്ല. വെബ്ലിപ്രദർശനം നടത്തിയ—

PRESIDENT. Is that the resolution? The resolution is about the appointment of a committee.

MR. V. J. OOMMEN (*Commerce and Industry, North*) : Sir, I was quoting only an instance. This is in connection with that —വെബ്ലി പ്ര ദർശനംനടന്ന അവസരത്തിൽ കൃഷിഡയറക്ടർ മി: കുഞ്ഞൻപിള്ള അനേ കംസാധനങ്ങൾ ഇവിടെനിന്നും പ്രദർശനത്തിന്നായി കൊണ്ടുചെന്നിരു ന്നു. അവിടത്തുകാർ ഇങ്ങനെയുള്ള സാധനങ്ങൾ തിരുവിതാംകൂറിൽ ഉണ്ടെന്ന് അവർഅറിഞ്ഞിരുന്നില്ലെന്നും, അവകൾ അപ്പോഴാണ് കാ ണുന്നതെന്നും അഭിപ്രായപ്പെട്ടതായി അക്കാലത്തു് ചില പത്രങ്ങളിൽ ഞാൻ വായിക്കയുണ്ടായി. അതിനാൽ ഒരുടെയിഡ് ഏജൻറു വിദേശരാജ്യ ങ്ങളിലുണ്ടായിരുന്നാൽ സംസ്കൃതസാധനങ്ങൾമാത്രമല്ല അസംസ്കൃത സാധനങ്ങൾ പോലും പലതുംനമുക്കു വിദേശങ്ങളിലെ ആളുകൾകാണത്ത ക്കവിധം പ്രദർശിപ്പിക്കാമായിരുന്നു, തന്നിമിത്തം നമ്മുടെസാധനങ്ങൾ ക്കു കൂടുതൽ ഡിമാൻറും ഉണ്ടാകും. അതുപോലെതന്നെ നാം വി ദേശത്തു നിന്നും വരുത്തിക്കൊണ്ടിരിക്കുന്ന അനേകം സാധനങ്ങൾ ഈ ഏജൻറുമുഖാന്തിരം വരുത്തിയാൽ നമുക്കു ലാഭംകിട്ടാനും ഇടയുണ്ട്. അതിനാൽ ഈ സംഗതിക്കുടി ഗവണ്മെൻറിൻെറ ശ്രദ്ധയുൾപ്പെടുവിക്ഷ യീഭവിക്കേണ്ടതാണ്. ഡവലപ്പുമെൻറുബോർഡ് ഇങ്ങിനെ ഒരു കമ്മിറ്റി ആവശ്യമാണെന്നു ശുപാർശചെയ്തസ്ഥിതിക്കു് ഗവണ്മെൻറു യാതൊരു തടസ്ഥവും പറയാതെ ഒരു കമ്മിറ്റിരൂപീകരിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി എൻെറ മാന്യസ്നേഹിതൻ മി. മഹമ്മദിൻെറ പ്രമേയത്തെ ഞാൻ പിൻതാങ്ങികൊള്ളുന്നു.

MR. MURUVELIL PACHU PILLAI (*Shertallai*): ഈ കമ്മിറ്റിയുടെ അനേഷണം മാറ്റ്സ് ആൻറു മാറ്റിങ്ങിനെസംബന്ധിച്ചാണെന്നു പ റഞ്ഞു. എന്നാൽ വടക്കൻ തിരുവിതാംകൂറിൽ തൊണ്ടുതല്ലി ചകരിപി രിക്കുന്ന ചില്ലറ കുടിൽ വ്യവസായികൾ ഉണ്ടെന്നറിയാമൊ?

MR. V. J. OOMMEN (*Commerce and Industry, North*): അറിയാം.

MR. MURUVELIL PACHU PILLAI (*Shertallai*): അവരുടെസ്ഥിതി അ ഭിവൃദ്ധിപ്പെടുത്തുന്നതിനു സഹായിക്കത്തവണ്ണം വല്ലഅനേഷണവും നട ത്തണമെന്നു് ഈ പ്രമേയംമൂലം നിർദ്ദേശിക്കുന്നുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. V. J. OOMMEN (*Commerce and Industry, North*): ഈ വ്യവസായം ഏതെല്ലാം തരത്തിലുണ്ടോ അവയെല്ലാം അഭിവൃദ്ധിപ്പെട്ടതതക്ക നിലയിൽ വേണ്ട അന്വേഷണങ്ങളും നടത്തണം. കയറുപായ നെയിത്ത്, ചകരി, കയറുപിരി ഇവയെപ്പറ്റിയെല്ലാം അന്വേഷിച്ച് ഗവണ്മെൻറിലേക്ക് ഈ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് എൻറെ അഭിപ്രായം.

MR. K. PADMANABHA PANIKKAR (*Ambalapuzha*): Sir, I rise to support the resolution brought forward by Mr. P. S. Mahomed. The mats and matting industry is, as you are all aware, one of the oldest and biggest industry of Travancore. It affords a living for a large part of the population and hence it is an industry which ought to receive the most anxious consideration of this House. It is well known that greater need is felt from day to day for the product of the cocoanut in Western Europe and in the United States of America, and this large demand itself would make us feel that this industry is only in its initial stage at present. It is incumbent on us to find out facilities for improving this industry and to find out suitable markets and encourage local exporters. Knowing as we do that the European countries have a big demand for these articles, we feel that this industry is full of promise. The prices of *copra* and cocoanut oil have fallen during recent years and the cocoanut planter is kept alive by the increasing price of the husk which he used to discard during the past. In European countries scientific knowledge is being utilised for the discovery of fats, and so it is likely that cocoanut oil and *copra* may fall in price still further in the coming years. I feel that the great incentive for the cocoanut planter in the future will be the value of the husk and other products of the cocoanut tree. So it is for us to make use of this opportunity to appoint a committee as proposed by the Economic Development Board and thereby increase the incentive for the mats and matting industry of the State. With these few words I support the resolution of Mr. P. S. Mahomed.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Sir, I rise to support the resolution moved by Mr. P. S. Mahomed. The resolution is, after all, a modest request to the Government to appoint a committee to investigate and enquire into the mats and matting industry as has been recommended by the Economic Development Board. The Board discussed the various aspects of the question and its recommendations are now before the Government. Mr. P. S. Mahomed and other speakers, including Mr Oommen, spoke on the various difficulties and hardships now experienced by those engaged in this industry at Alleppey. From what Mr. Gomatinayakam Pillai interpellated Mr. P. S. Mahomed. I find that he gave the assurance that there is greater import of mats now. I am assured that it strengthens our position and that it is all the more necessary why a committee should be appointed to enquire into this matter.

MR A. THANU PILLAI (*Trivandrum*): When did the Board recommend?

LIBRARY ARCHIVES Kerala Legislative Assembly

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Last time.

Sir, the difficulties felt by those engaged in this industry were enumerated by Mr. P. S. Mahomed and Mr. Oommen. Mr. T. C. Kesava Pillai asked my friend Mr. Oommen whether a resolution that affects the interests of 24 merchants should be considered in this House. I most meekly answer that this is an industry which was engaging many merchants during some time past, and for various reasons explained by the members who spoke about it and the hardships and difficulties experienced by those engaged the number has dwindled down to 24.

PRESIDENT: Is that what they said? Is it what you said Mr. P. S. Mahomed? Has the number dwindled down to 24?

MR. P. S. MAHOMED (*Nominated*): Not exactly 24.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): For various reasons which the other members have stated, I submit that the number has now reduced itself to 24.

PRESIDENT: That is your individual opinion?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): എന്തായാണെന്ന് മെമ്പർക്ക് ക്ലിപ്തമായിട്ടറിയാമോ?

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): You can refer to it in the Administration Report.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): Administration Report of which year?

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Report of the last 7 or 8 years.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): അതിൽ ഇതു കാണുന്നില്ല.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): If the member challenges my statements, I can submit facts.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): തീർച്ചയായിട്ടും ഇല്ല.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): During 1914 there were many who were engaged in the industry, but the number has come down very much.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): Importers or exporters?

MR. S. PIRAVIPERUMAL PILLAI (*Commerce of Industry, South*): Those engaged in the industry.

Sir, it is only a recommendation to appoint a committee to enquire into the means of improving this industry. All these questions, whether the number has increased or decreased, if it has decreased the reasons for it, can be considered by the committee to be appointed and the

LIBRARY ARCHIVES Kerala Legislative Assembly

various safeguards and measures to remove these difficulties and hardships dealt with in detail by it. All that I say is a committee should be appointed immediately for the betterment of this industry. For these reasons I also support the resolution of Mr. P. S. Mahomed.

MR. K. MADHAVAN (*Nominated*) : സർ, മിസ്റ്റർ മഹമ്മദിന്റെ അഭിപ്രായത്തെ ഞാനും പിന്താങ്ങിച് സൊല്ലുകിറേൻ. നമതു രാജ്യത്തിൽ തിരുഷിയാനതു മുക്കിയമാന വിവസായമാക ഇരുക്കിറതെൻപതൈ എല്ലാരുമ് അറിയക്കൂടിയതായിരുക്കിറതു. ഇക്കിരുഷിയിൽ ഏഴൈ ജനങ്കളുക്കു 4, 5 മാതമേ വരുഷത്തിൽ തൊഴിൽ ഉള്ളതു. അവർകളുക്കുക് കിടൈക്കുമ് കൂലിയാനതു അന്ത 4, 5 മാതത്തിറ്കേ ആകാരത്തിറ്കുക് കാൺകിറതു. മറ്റ ഏഴുമാതമ് തിരുഷിത് തൊഴിൽ സെയ്യ ഇടമില്ലാമൽ ഇന്ത ഏഴൈ ജനങ്കൾ കഷ്ടമ് അനുപവിക്കിറാർകൾ. ഇന്ത ജനങ്കളുക്കു അന്തക് കിരുഷികാലത്തിൽ കൊടുക്കപ്പടുകിറ കൂലിയാനതു അവർകളുകു തറ്പോതുള്ള സാപ്പാട്ടിറ്കു ആകിറതേ ഒഴിയ പിൻകാലത്തിറ്കു മിച്ചമ് വൈത്തു സാപ്പിട ഒരുവിത വഴിയുമില്ലൈ. ആകൽ വേറെ ഏതാവതു കൈത്തൊഴിൽ സെയ്യലാമോവെൻറാൽ, കൈയിൽ പണമുമില്ലൈ. ആതലാൽ ഇവർകൾ പനൈയോലൈ, പുൽ, പിരമ്പു, ഈറൽ, ഇവ്വിതമാന പൊരുൾകളൈ സേകരിത്തു താങ്കൾ സെയ്തുവരുമ് കൈത്തൊഴിലാകിയ കൂടൈ മുടൈതൽ, പായ് കട്ടുതൽ മുതലിയ കൈത്തൊഴിൽകൾ സെയ്തു വയിറു വളർക്കിറാർകൾ. മേൽ സൊല്ലുമ് തൊഴിൽകളൈ വിരുത്തി സെയ്യവേണ്ടുമാനാൽ പണമില്ലൈ. ഇവൈകൾ തവിര വിയാപാരമ് മുതലിയ തൊഴിൽകൾ സെയ്യവേണ്ടുമാനാൽ വഴിയുമില്ലൈ. നാൻ കടന്ത ഇരണ്ടുവാരമാക മൂവാറ്റുപ്പുഴൈ, പാലൂർ, അമ്പുലപ്പുഴൈ, മാവേലിക്കരൈ, കുന്നത്തൂർ, ടത്മണപുരമ് മുതലിയ ഇടങ്കളിൽ അലൈന്തു, അങ്കങ്കേയുള്ള ഏഴൈ ജനങ്കൾ സെയ്തുവരുമ് കൈത്തൊഴിൽകളൈപ് പാർവൈയിട്ടേൻ. വൈക്കത്തിൽ പോനപോതു അവർകൾ പടുമ് കഷ്ടമ് എനക്കു വരുത്തത്തൈക് കൊടുത്തതു. ഏനെനിൽ ഇവർകൾ മലൈകളുക്കുച് സെൻറു 1,000 ഈറൽകൾ കൊൺടുവര 45 രൂപായ് സിലവു സെയ്യവേണ്ടിയിരുക്കിറതു. നാൻ അവർകളിടമ് ഏൻ ഇവ്വളവു കഷ്ടമ് എൻറതറ്കു അവർകൾ സൊല്വതു— ഈറലുക്കു രൂ. 5-മ്, തീവൈ സ്തലങ്കളിൻ സിലവുമ്, എങ്കൾ സിലവുമ് സേർന്തു 45 രൂപായ് സിലവാകിറതെൻറു സൊല്ലുകിറാർകൾ. എൻന പരിതാപമ്. മേറ്പടി ഈറൽകളൈക് കൊൺടുവന്തു വീടുവീടായ് പങ്കിട്ടു തൊഴിൽ സെയ്തു തങ്കൾ തരിത്തിരത്തിൽ സാകാമൽ സാകിറാർകൾ. അവർകൾ ഇപ്പോതിരുക്കുമ് ഇടത്തൈ വിട്ടു വേറു ഇടമ് പോകവുമ് വഴിയില്ലൈ. ആൺകൾ താങ്കൾ സേകരിത്ത പൊരുൾകളൈക് കൊൺടുവന്തു വീട്ടിൽ കൊടുത്തു, പിൾളൈകളൈയുമ്, പെൺകളൈയുമ് കൊൺടു വേലൈസെയ്തു പല ഇടങ്കളുക്കുമ് കൊൺടുപോയ് വിറ്പനൈ സെയ്തുമ് സരിയാന വിലൈയില്ലാമൽ കഷ്ടപ്പടുകിറോമ് എൻറു കൂറുകിറാർകൾ. ആതലാൽ ഇന്ത ഏഴൈ ജനങ്കളുക്കു അവർകൾ സെയ്തുവരുമ് കൈത്തൊഴിലുക്കാക പണവുതവി സെയ്യവേണ്ടുമെൻറു ഇന്തക് കവൺസിലൈക് കേട്ടുക്കൊൾകിറേൻ. ഇന്ത ജനങ്കൾ പടുമ് കഷ്ടമ് അതികമ്. അവർകൾ എവ്വിത ആടമ്പരമുമില്ലാതവർകൾ. മേലുമ് അവർകളുക്കു തിരുഷിക്കാക കൊടുത്തുവരുമ് കൂലി അവർകളുടൈയ സിലവുക്കുക്കൂടപ് പോതാതു. ആതലാൽ ഇന്തക് കമ്മിറ്റി ഏറ്പടുത്തുകിറ വിഷയത്തിൽ ഇന്ത ഏഴൈ ജനങ്കളുക്കുമ് കൊഞ്ചമ് മുൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Madhavan.]

பணம் கொடுத்து வாங்க ஏற்பாடு செய்யவேண்டுமென்று ஆசிக்கிறேன். நான் இந்த அபிப்பிராயத்தைக்கொண்டு மி: பி. எஸ். மகமதின் சொல்லுகிறேன்.

MR. V. CHELLAM PILLAI (*Tovala*) : Sir, I have great pleasure in supporting the resolution of Mr. P. S. Mahomed. The principal industry in Nanjanad and the occupation of most of the people there is paddy cultivation. They have to work only for four or five months in the year. The rest of the time is spent without any profit whatsoever. We have got a large number of cocoanut trees, and we are also reaping good crops from these trees. But the husks of these fruits are generally burnt as was the case with cow-dung and laural cakes in olden days. I come to understand that the people of north Travancore are mainly supported by the *coir* industry. If such an industry is introduced in south Travancore also I think a lot of people would be engaged in it especially when people are unemployed and derive profits which would be a source of help for their livelihood. Hence I would wish to see that this useful and all important industry is developed throughout the country, and I join hands with Mr. P. S. Mahomed, the mover of the resolution, in requesting the Government to appoint a committee for this purpose.

MR. N. R. KRISHNAN (*Nominated*) : മി. മഹമ്മദ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു കയറുവ്യവസായം ഈ രാജ്യത്തെ ഏറ്റവും പ്രധാനമായ ഒരു വ്യവസായമാണെന്നുള്ളതിൽ ആർക്കും വിപരീതാഭിപ്രായമില്ല. ഈ പ്രമേയം ഏതാനും ചിലകച്ചവടക്കാരുടെ ഗുണത്തിനു മാത്രമായിരിക്കുമോ എന്നു സംശയം വരത്തക്കനിലയിൽ പല ചോദ്യങ്ങളും ഈ സഭമുമ്പാകെ ഉണ്ടായിട്ടുണ്ട്. എന്നാൽ യഥാർത്ഥം അങ്ങിനെയല്ലെന്നുള്ളതു് ഇവിടെയുള്ള കച്ചവടക്കാരുടെ അനുഭവംകൊണ്ടു മനസ്സിലാക്കാം. പത്തോ, ഇരുപതോ പ്രധാനകച്ചവടക്കാർ പാശ്ചാത്യ ദേശങ്ങളിലേക്കു് ഈ വ്യവസായസാമഗ്രികളെല്ലാം കയറ്റിഅയക്കുന്നു എന്നല്ലാതെ ഈ സാധനങ്ങളെല്ലാം അവരുടെ പ്രയത്നഫലമാണെന്നും വിചാരിക്കാൻ നിവൃത്തിയില്ല. കയറുപാ തടുക്കു് മുതലായ വ്യവസായങ്ങളെല്ലാം ഇപ്പോൾ ഒരുകുടിൽ വ്യവസായം പോലെ നടന്നുവരികയാണു്. ഓരോ വീടുകളിലും തറികളിട്ടു് കയറു പാ നെയ്യുന്നതും വടക്കൻ തിരുവിതാംകൂറിൽ സാധാരണ കാണാം. ഇങ്ങനെ അവർ ശേഖരിക്കുന്ന പായും തടുക്കുമെല്ലാം മൊത്തകച്ചവടക്കാർ കൊണ്ടുചെന്നു വിൽക്കുകമാത്രമാണു് ചെയ്യുന്നതു്. അതിനാൽ ഈ വ്യവസായം നിന്നുപോകുന്നപക്ഷം അതു് ഈ കുടിൽ വ്യവസായികളെയെല്ലാം സാരമായി ബാധിക്കുന്നതാ

LIBRARY ARCHIVES Kerala Legislative Assembly

ണ്ട് അതുകൊണ്ട് ഈ വ്യവസായം നശിച്ചു പോകാതിരിക്കത്തക്കവണ്ണവും അഭിവൃദ്ധിയുണ്ടാകത്തക്കവണ്ണവും വേണ്ടമാർഗ്ഗങ്ങൾ കണ്ടുപിടിച്ചു റിപ്പോർട്ട ചെയ്യുന്നതിന് ഒരുകമ്മിറ്റി ആവശ്യമാണെന്നുള്ള മി. മഹമ്മദിന്റെ അഭിപ്രായത്തെ ഞാൻ ബലമായിട്ട പിൻതാങ്ങിക്കൊള്ളുന്നു.

MR. ITTOOP ITTEECHAN (*Kunnatnad*): സർ, മി. മഹമ്മദിന്റെ പ്രമേയത്തെ ഞാനും ഹാർദ്ദമായിപിൻതാങ്ങിക്കൊള്ളുന്നു. ഈ രാജ്യത്തിന്റെ പലഭാഗങ്ങളിലും പലേമാതിരി വ്യവസായം നടന്നുകൊണ്ടിരിക്കുന്നുണ്ട്.ഏതേതു തരത്തിലുള്ള വ്യവസായങ്ങളും ഏതെല്ലാം സ്ഥലങ്ങളിൽ നടക്കുന്നുണ്ടെന്നു തീർച്ചയായിട്ട എനിക്കു പറയാൻ സാധിക്കയില്ല. എന്നാൽ ഏ,ന്റെറസ്ഥലത്തു നടക്കുന്നവയെപ്പറ്റിപറയാം. അവിടെ പെരമ്പുവ്യവസായം നല്ല സ്ഥിതിയിൽ നടന്നുവരുന്നുണ്ട്. അതിലേക്കാവശ്യമുള്ള ഇറ്ററമലകളിൽ നിന്നുംകൊണ്ടുവരുന്നതിൽനിന്നുംഫ്ാറസ്റ്റ് ഡിപ്പാർട്ടുമെൻറിലേക്കു ഒരുലക്ഷം രൂപായോളം കിട്ടി വരുന്നുണ്ട്.

MR. R. DHANUKOTI PILLAI (*Conservator of Forests*): It is only twelve thousand rupees and not a lakh as the member says.

PRESIDENT: ൧൨,൦൦൦ രൂപയെ ഇതിൽനിന്നും ഫ്ാറസ്റ്റ്ഡിപ്പാർട്ടുമെൻറിലേക്ക് ആദായമായി കിട്ടിവരുന്നൊള്ളു എന്നു കൺസർവേറ്റർ പറയുന്നു.

MR. ITTOOP ITTEECHAN (*Kunnatnad*): ഇതിനെപ്പറ്റി തീച്ചയായിട്ടു മെമ്പർക്കും എനിക്കും പറയാൻ സാധിക്കുമെന്നതോന്നുന്നില്ല.

PRESIDENT: കൺസർവേറ്റർ തീച്ചയായിട്ടതന്നെ പറയുന്നു.

MR. ITTOOP ITTEECHAN (*Kunnatnad*): ഈ വ്യവസായം ക്രമേണക്ഷയിച്ചുക്ഷയിച്ചാണ് വരുന്നത്. ഇതിൽനിന്നും ഉണ്ടാക്കുന്ന വരവു് സാധാരണ വിദേശരാജ്യങ്ങളിലേക്കു കയറുമതിചെയ്യുന്ന ഒരു സാധനത്തിൽനിന്നുമാണ്. അങ്ങിനെയുള്ള വ്യവസായത്തിന്റെ സ്ഥിതിയെക്കുടി അന്വേഷിക്കുന്നതിന് ഉതകത്തക്കവണ്ണമുള്ള ഒരു കമ്മിറ്റി ഏർപ്പെടുത്തണമെന്നുള്ള അഭിപ്രായത്തോടുകുടി മി. മഹമ്മദിന്റെ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): സർ, മി. പി. എസ്. മഹമ്മദിന്റെ പ്രമേയത്തോടു ഞാനും യോജിച്ചുകൊള്ളുന്നു. കായലോരത്തു താമസിക്കുന്ന അനേകായിരം സാധുക്കളുടെ പ്രധാനമായ ഉപജീവനമാർഗ്ഗം ഈ കയറു വ്യവസായമാണ്. നമ്മുടെ വ്യാപാരകേന്ദ്രമായ ആലപ്പുഴ പട്ടണത്തിൽ നാട്ടുകാരായ പ്രമുഖ വ്യാപാരികളേ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tamarapallail Kochutomman.]

ഈ വ്യവസായം നടത്തുന്നുള്ള എന്നകേട്ടതിൽ അതിയായ മനസ്ഥാപ മുണ്ട്. നമ്മുടെ രാജ്യത്തിൽ പാശ്ചാത്യവിദ്യാഭ്യാ മില്ലാത്തവരും എ ന്നാൽ വ്യാപാരത്തിൽ നല്ല പരിചയം സിദ്ധിച്ചവരുമായ അനേകം ആ ളുകൾഉണ്ട്. നമ്മുടെരാജ്യത്തുണ്ടാകുന്നകയറു മുഴുവനും ആലപ്പുഴപട്ടണ ത്തിൽ ചെന്നാണ് കയറുമതിചെയ്യുന്നത്. ഹാരിസൻക്രാസ് ഫീൽഡ് കമ്പനിക്കാർ മാത്രമെകൊല്ലത്തുനിന്നും സാമാനങ്ങൾ കപ്പലിൽകയറി അയക്കുന്നുള്ളു. ആലപ്പുഴയുള്ള വമ്പിച്ചയൂറോപ്യൻ കച്ചവടക്കാരുമായിട്ട കിടപിടിച്ചുനില്ക്കുന്നതിനുള്ള ശക്തിയില്ലാത്തതുനിമിത്തമാണ് നാട്ടുകാ രായ കച്ചവടക്കാരുടെ എണ്ണം ക്ര മ ത്തിൽ അയികുറഞ്ഞുപോയത്. ഈ വ്യ വസായം നടത്തിക്കൊണ്ടിരുന്ന അനേകംപേർ നിർദ്ധനന്മാരായിട്ട പോ യിട്ടുണ്ട്. ഇതിനുകാരണം ധനസഹായത്തിന്റെ കുറവാണ്. ഡവല പ്പുമെൻറു ബോർഡു് ഇതുയും കാലമായിട്ടു് ഇതിനു് ഒരു പരിഹാരമാർഗ്ഗം കണ്ടുപിടിക്കയോ ഗവണ്മെൻറുതന്നെഇതിനു ധനസഹായംചെയ്യുകയോ ചെയ്തിട്ടില്ല എന്നു ഞാൻവിചാരിക്കുന്നു. എങ്കിലും ഇതിനെപ്പറ്റി അ ന്വേഷിക്കാൻ ഒരു കമ്മിറ്റി ഏർപ്പെടുത്തണമെന്നു ശുപാർശചെയ്തിട്ട ള്ളതായിട്ടു് അറിയുന്നു. ഗവണ്മെൻറു വേണ്ടസഹായം ചെയ്താൽമാത്ര മേ ഈ വ്യവസായം അഭിവൃദ്ധിപ്പെടുകയൊള്ളു.

ഇതിനെക്കാളും ഏറ്റവും പ്രധാനമായ ഒന്നാണു് നമുക്കു വിദേശ ത്തു് ഒരു ഏജൻറുണ്ടായിരിക്കണമെന്നുള്ളതു്.

MR. H. B. MAHOMED ROWTHER (*Pattanapuram cum Shencotta*): ഗവണ്മെൻറു് എന്തു സഹായമാണു് ചെയ്യേണ്ടതു്?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): ഈ വ്യവസാ യത്തെ മുമ്പോട്ടുകൊണ്ടുവരാൻ എന്തെല്ലാം സഹായങ്ങൾ ചെയ്യാമോ അതൊക്കെചെയ്യണം.

MR. H. B. MAHOMED ROWTHER (*Pattanapuram cum Shencotta*): എങ്ങിനെയാണു് സഹായിക്കേണ്ടതു്?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): അതുഗ വണ്മെൻറിനോടു ചോദിക്കണം.

MR. P. S. MAHOMED (*Nominated*): ഇതിലേക്കു് ഒരു കമ്മിറ്റി ഏ ർപ്പെടുത്തിയാൽ ആ കമ്മിറ്റിക്കുതന്നെ വേണ്ട നിർദ്ദേശങ്ങൾ കൊടു ക്കാൻ സാധിക്കയില്ലയോ?

LIBRARY ARCHIVES Kerala Legislative Assembly

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): കമ്മിറ്റിക്കുതന്നെ വേണ്ട നിർദ്ദേശങ്ങൾകൊടുത്തു ഗവണ്മെൻറിനെ ഇണങ്ങോഷിക്കാൻ സാധിക്കും. എന്നാൽ അതിലേക്കു പ്രത്യേകമായിട്ട് ഒരു കമ്മിറ്റി ഏർപ്പെടുത്തുന്നതിനുമുമ്പായിട്ടു ഡവലപ്പുമെൻറു ബോർഡിൻെറ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നറിയേണ്ടിയിരിക്കുന്നു.

ഈ കയറു വ്യവസായം പോലെ തന്നെ മറ്റനേകം വ്യവസായങ്ങളും ഇവിടെയുണ്ട്.

MR. P. S. MAHOMED (*Nominated*): കമ്മിറ്റി ആവശ്യമാണെന്നോ ആവശ്യമില്ലെന്നോ ഏതാണ് മെമ്പറുടെ അഭിപ്രായം?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): കമ്മിറ്റിവേണമെന്നു ഞാൻ മുമ്പേ തന്നെ പറഞ്ഞു കഴിഞ്ഞെല്ലോ?

കയറു പോലെതന്നെ ഇവിടെയുള്ള കുരുമുളകു മുഴുവൻ പാശ്ചാത്യരാണ് കൊണ്ടുപോകുന്നത്. ഇതുവരെയും ഈ കുരുമുളക് വിദേശങ്ങളിലേക്കു നാട്ടുകാർ അയച്ചിട്ടുണ്ടോ എന്നു സംശയമാണ്. അതുമുഴുവനും വിദേശവ്യാപാരികളാണ് കച്ചവടം നടത്തുന്നതു. അതുപോലെ മറ്റനേകം സാധനങ്ങളും നമ്മുടെ നാട്ടുകാക്കു നല്ല വില കിട്ടാതെ വിദേശിയർകൊണ്ടു പോകുന്നുണ്ട്. ഇതിനെ പരിഹരിക്കുന്നതിന് നമ്മുടെ ചിലഏജൻറന്മാരെ വിദേശങ്ങളിൽ താമസിപ്പിക്കയും നമ്മുടെ ചരക്കുകളും ആഏജൻറന്മാർ മുഖാന്തിരം കയറുമതിചെയ്യുകയും ചെയ്യണം. എന്നാൽ ഗവണ്മെൻറ് ഇങ്ങിനെ ഒരു കമ്മിറ്റിഏർപ്പെടുത്തി, ആ കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ചുള്ള ധനസഹായം ചെയ്യാതിരുന്നാൽഈ കമ്മിറ്റി ഏർപ്പെടുത്തിയതുകൊണ്ട് കുറെ ട്രാവല്ലിങ്ങ് അലവൻസുംകൊടുക്കാമെന്നല്ലാതെ ഒരു പ്രയോജനവുമില്ല. അതിനാൽ ഗവണ്മെൻറ് അതിനു തയ്യാറുണ്ടെങ്കിൽ മാത്രം ഈ കമ്മിറ്റി ഏർപ്പെടുത്തിയാൽ മതി എന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ മി. മഹമ്മദിൻെറ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. A. THANU PILLAI (*Trivandrum*): We would like to hear the Government side also.

MR. I. C. CHACKO (*Director of Industries*): Sir, I have been listening with great interest to the speeches in support of the resolution that is before the House. *Coir* Industry, without doubt, is the most important industry. It has this special feature that it is at the same time a factory industry and a cottage industry. Up to the spinning stage, that is, up to the stage where the fibre is spun into yarn, it is a cottage industry and helps to support a large number of families. After that, it becomes a sort of factory industry. This being the case, there is no doubt Government

LIBRARY ARCHIVES Kerala Legislative Assembly

[Mr. I. C. Chacko.]

are very anxious to prevent any harm that may befall this industry. I do not desire to enter into the proposals made by members who spoke in support of the resolution because I may assure the House that Government propose to appoint a committee to go into the question contained in the resolution. I do not think it desirable to anticipate what conclusions the committee may arrive at.

MR. A. S DAMODARAN ASAN (*Mavelikara* cum *Kartikapalli*): May I know from the member whether he has any idea of the constitution of the committee?

MR. I. C. CHACKO (*Director of Industries*): The proposals of the Economic Development Board are engaging the attention of Government. I do not know what conclusions Government may arrive at as regards the constitution of the committee. But I may assure you, that a committee will be appointed to enquire into the questions raised by this resolution.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): കയർ ഇൻഡസ്ട്രിയെമാത്രം ഉദ്ദേശിച്ചു കമ്മിറ്റി ഏർപ്പെടുത്തണോ അതല്ല അതിൽ മറ്റു വ്യവസായങ്ങളും ഉൾപ്പെടുമോ?

MR. I. C. CHACKO (*Director of Industries*): The resolution before the House is about mats and matting industry.

PRESIDENT: In the commercial world, Mr. Kesava Pillai, the expression 'mats and matting' has a peculiar significance and it refers to *coir* mats and matting.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): റസല്യൂഷനിൽ അങ്ങിനെ കാണുന്നില്ല.

PRESIDENT: I allowed you to say that. I could have stopped you but I did not want to do that.

MR. I. C. CHACKO (*Director of Industries*): I may assure the House that a committee will be appointed as recommended by the Development Board to look into this question. I hope the member will now withdraw his resolution.

MR. P. S. MAHOMED (*Nominated*): ഗവണ്മെൻറു ഭാഗത്തു നിന്നും കമ്മിറ്റി ഏർപ്പെടുത്താമെന്ന് അറിയിക്കുന്നതു കൊണ്ട് ഞാൻ പ്രമേയം പിൻവലിച്ചിരിക്കുന്നു.

MR. A. THANU PILLAI (*Trivandrum*): Does the Government accept the resolution?

PRESIDENT: In a way. An assurance has been given.

Does the House permit the member to withdraw his resolution?

The resolution was, by leave, withdrawn.

PRESIDENT: The next resolution stands in the name of MR. ITTOOP ITTEECHAN.

LIBRARY ARCHIVES Kerala Legislative Assembly